# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3792 — 12.12.2018-ൽ മറുപടിയ്ക്ക്

**ബയോ-മെട്രിക് പഞ്ചിംഗ് സംവിധാനം**

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കുവാൻ ബയോ-മെട്രിക് പഞ്ചിംഗ് സംവിധാനം ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ)<br>&<br>(ബി) | സെക്രട്ടേറിയറ്റിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 01.01.2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. സ്പാർക്ക് മുഖേന ശമ്പളം ലഭിക്കുന്ന മറ്റെല്ലാ സർക്കാർ ഓഫീസുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2018 ഒക്ടോബർ 1 നകവും അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി വകുപ്പിനു കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം 2018 ഡിസംബർ 31 നകം നടപ്പിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലും ഓഫീസുകളിലും ബയോ-മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുമോ; ഈ സംവിധാനം എന്ന് മുതൽ പ്രാബല്യത്തിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ